# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P5/415/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P5/415/2023 തീയ്യതി: 10/04/2023

## കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 04-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-01-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ.പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി പത്മകുമാരി.എൽ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ.ജെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽകുമാർ.യു.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ബിനു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സ്റ്റീഫൻ എം | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. അൻവർറഹ്മാൻ | അസി.സെക്രട്ടറി | 01-04-2021 | 12-02-2022 |
| ശ്രീമതി മേരി ഷീജ.ആർ.ഇ | അസി.സെക്രട്ടറി | 13-02-2022 | 31-03-2022 |
| ഡോ.അനീസ് ബഷീർ | വെറ്ററിനറി സർജൻ | 01-04-2021 | 10-12-2021 |
| ഡോ.ജിനി ആനന്ദ് | വെറ്ററിനറി സർജൻ | 11-12-2021 | 31-03-2022 |
| ഡോ.ബിന്ദു.വി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. വീണരാജ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി.സിമി സാരംഗ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 17-07-2021 |
| ഡോ.സൌമ്യ | മെഡിക്കൽ ഓഫീസർ ഹോമിയോ | 18-07-2021 | 31-03-2022 |
| ശ്രീ. മിലിമോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രദീപ് കുമാർ | കൃഷി ഓഫീസർ | 01-04-2021 | 22-11-2021 |
| ശ്രീമതി.ഷംന.ആർ | കൃഷി ഓഫീസർ | 23-11-2021 | 31-03-2022 |
| ശ്രീ. ബീജു പി.എസ് | അസി.എഞ്ചീനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രചന റ്റി.ആർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശിൽപാഭദ്രൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിഷ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.ആദർശ്.ജി.എസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയ.ജെ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഇന്ദു ഉണ്ണിത്താൻ | ഡയറിഫോംഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹണിമോഹൻ | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളുടെ പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി ഇനത്തിൽ 21,16,886 രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 1-11 |
| 13 | ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യുന്നില്ല | 1-12 |
| 14 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-13 |
| 15 | ഇ.എം.ഡി കണ്ടുകെട്ടാനും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിൽവരുത്തിയില്ല | 1-14 |
| 16 | ദേശീയ തൊഴിലുറപ്പ് പദ്ധതി-നടത്തിപ്പിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ | 1-15 |
| 17 | ടെൻഡർ കിഴിവ് കണക്കിലെടുക്കാതെ അവസാന ബിൽതുക നൽകി 16513/-രൂപയുടെ നഷ്ടം. | 1-16 |
| 18 | റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ-റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയതായി രേഖയില്ല-വിശദീകരണം ലഭ്യമാക്കണം. | 1-17 |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയില്ല.പഠനകാലയളവ് അവസാനിച്ച സാഹചര്യത്തിൽ കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ് | 1-18 |
| 20 | മഴക്കാല പൂർവ്വ ശുചീകരണം-ഫണ്ട് വിനിയോഗത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ | 1-19 |
| 21 | ആയുർവേദ ആശുപത്രിക്ക് പ്രിൻററർ വാങ്ങൽ- പ്രിൻററർ ലഭിച്ചില്ല | 1-20 |
| 22 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ലാത്തതിനാൽ വാങ്ങുന്നതിനായി ചെലവഴിച്ച 182151/- രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 23 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ | 1-22 |

| | | |
|---|---|---|
| 24 | ധന വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2,15,442 രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 25 | എസ്.സി.കുട്ടികൾക്ക് പഠന മുറി-പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-24 |
| 26 | സെപ്റ്റിക് ടാങ്ക് നവീകരണം സ്പിൽ ഓവർ പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-25 |
| 27 | മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല - 429795/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 28 | തെരുവ് വിളക്ക് പരിപാലനം-അടാട്ട് മാതൃക-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-27 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-28 |
| 30 | തരിശ് കൃഷിയിടങ്ങളിൽ വാഴകൃഷി-സബ്സിഡി അധികം നല്കി | 1-29 |
| 31 | സമഗ്ര നെൽകൃഷി വികസനം കൃഷിഭൂമിയുടെ രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നല്കി. | 1-30 |
| | ഭാഗം **2** | |
| 1 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം **3** | |
| 1 | ടെൻഡർ കിഴിവ് കണക്കിലെടുക്കാതെ അവസാന ബിൽ തുക നൽകി 16,513/-രൂപയുടെ നഷ്ടം. | 3-1 |
| 2 | മഴക്കാല പൂർവ്വ ശുചീകരണം-ഫണ്ട് വിനിയോഗത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ | 3-2 |
| 3 | തരിശ് കൃഷിയിടങ്ങളിൽ വാഴകൃഷി-സബ്സിഡി അധികം നല്കി | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻറെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23/2/21 തീയതിയിലെ നമ്പർ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 26/3/22 തീയതിയിലെ നമ്പർ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-22 | 22-08-2022 | | |

## 1-2-1 വാർഷികകണക്കുകളുടെ പരിശോധന

1.പ്രൊഫഷൻ ടാക്സ് ഇൻസ്റ്റിറ്റ്യൂഷൻസ് മുൻവർഷ എ,എഫ്,എസിൽ കുടിശ്ശികയില്ല. എന്നാൽ തൻവർഷം അരിയർ കളക്ഷനായി 10000 രൂപ ഈടാക്കിയിട്ടുണ്ട് .ഈ തുക എപ്രകാരം അക്കൗണ്ട് ചെയ്തു എന്നത് വിശദമാക്കിയിട്ടില്ല.

2.പ്രോപ്പർട്ടി ടാക്സ് സാംഖ്യ സഞ്ചയ രേഖകൾ പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടാത്തതിനാൽ എ.എഫ്.എസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.മെയിന്റനൻസ് ഗ്രാന്റ് റോഡ്,നോൺ റോഡ് എന്നിവയിലെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ എ.എഫ്.എസ് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.ഗുണഭോക്തൃ വിഹിതമിനത്തിൽ തൻവർഷം 744200/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 136000/- രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് സുലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

5.ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തി മൂല്യമായി ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല. 2,85,000/- രൂപ ചെലവഴിച്ച് അംഗൻവാടിക്ക് ഭൂമി വാങ്ങിയിട്ടുണ്ടെങ്കിലും ടി മൂല്യം ആസ്തിയിലുൾപ്പെടുത്തിയിട്ടില്ല.

6. ലേല ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

7. ലൈഫ് സ്റ്റേറ്റ് ഷെയർ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 6,00,000 രൂപ ആണെങ്കിലും എ.എഫ്.എസിൽ 5,14,950/-രൂപയാണ് ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45148991/- രൂപ |
| വരവ് | 96940014/- രൂപ |
| ആകെ | 142089005/- രൂപ |
| ചെലവ് | 89932091/- രൂപ |
| നീക്കിയിരിപ്പ് | 52156914/- രൂപ |
| വരവ് നഷ്ടം | 282600/- രൂപ |
| ചെലവ് നഷ്ടം | 45713/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 3616883/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | ലാപ്സായ തുക/ നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18462000/- | 18462000/- | 17218383/- | 1243617/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11165000/- | 11165000/ | 10341740 | 823260 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ടൈഡ്)ട്രഷറി | 0 | 4657300 | 4657300 | 1113529 | 3543771 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ബേസിക്)ട്രഷറി | 0 | 2096283 | 2096283 | 1174424 | 921859 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ടൈഡ്) ബാങ്ക് | 0 | 5156000 | 5156000 | 2447246 | 2708754 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ബേസിക്) ബാങ്ക് | 0 | 3502834 | 3502834 | 1210602 | 2292232 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 9586000 | 9586000 | 8790787 | 795213 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 7295091 | 7295091 | 4937002 | 2358089 |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 997784 | 1233149 | 2230933 | 514950 | 1715983 |
| ശുചിത്വമിഷൻ | 3490661 | 200000 | 3690661 | 769657 | 2921004 |
| ഖരമാലിന്യം | 13470 | 0 | 13470 | 0 | 13470 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 968258 | 973869 | 1942127 | 1908127 | 34000 |
| MNREGS | 2754 | 949095 | 951849 | 945933 | 3162 |
| എസ്. എസ്. എ. | 2100 | 0 | 2100 | 0 | 2100 |
| സാക്ഷരത | 69587 | 1419 | 71006 | 0 | 71006 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 111643452 | 140 | 58932857 | 0 | 32 | 81.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2754 | 949095 | 951849 | 945933 | 3162 |
| ഗുണഭോക്താക്കൾക്ക് | 0 | 33873424 | 33873424 | 33873424 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 97320/- | 67 |
| കർഷകതൊഴിലാളി പെൻഷൻ | 1934200/- | 129 |
| വിധവാപെൻഷൻ | 23187800/- | 1755 |
| വാർദ്ധക്യകാലപെൻഷൻ | 42864600/- | 3283 |
| വികലാംഗപെൻഷൻ | 7478100/- | 509 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ | 354800/- | 30 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | 2,10,000/- | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2023 03.49 പി.എം ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹29917/-നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട് . പഞ്ചായത്തിന്റെ പരിധിയിൽ പാർപ്പിടാവശ്യത്തിനായി നമ്പർ അനുവദിച്ചിട്ടുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം 12551 ആണ്.ഇതിൽ 12092 കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നു.നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കണക്കുകളുടെ വസ്തുതാപരമായ പുനപ്പരിശോധന നടത്തേണ്ടതാണ്.

21-22 വർഷത്തിൽ MGNREGS വഴി വിവിധ വാർഡുകളിലായി മണ്ണുജലസംരക്ഷണ പ്രവൃത്തികൾ എന്ന നിലയിൽ ഏറ്റെടുത്ത് 149.75ഹെക്ടർ ഭൂമി തട്ടുതിരിച്ച് കൃഷിയോഗ്യമാക്കൽപ്രവൃത്തികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 2,48,51,966/- രൂപ ചെലവഴിച്ചു. ഭൂമി കൃഷിയോഗ്യമാക്കുന്നതിനു മുന്നോടിയായി ഭൂവുടമകളിൽനിന്നും പ്രസ്തുത ഭൂമിയിൽ നിശ്ചിത കൃഷി നടത്തുന്നതാണെന്ന് രേഖാമൂലം ഉറപ്പുവാങ്ങിയിരുന്നില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾക്ക് ശേഷം പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കൃഷി നടന്നതായി രേഖയില്ല.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ വലിയ പങ്ക് നടപ്പിലാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്.2,39,60,965/രൂപ വകയിരുത്തപ്പെട്ടതിൽ 47.8%തുകയാണ് തൻ വർഷം ചെലവഴിച്ചിട്ടുള്ളത്.പദ്ധതി നിർവ്വഹണത്തിന് തടസ്സമാകുന്ന സാഹചര്യങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കാണേണ്ടതാണ്.കേരള ജല അതോറിറ്റി തകരാറിലാക്കിയ പഞ്ചായത്ത് റോഡുകൾ റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാതെതന്നെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എങ്കിലും കോവിഡ്കാലയളവുകളിൽ ഇത് കാര്യക്ഷമമായിരുന്നില്ല എന്ന് രേഖകൾ വെളിപ്പെടുത്തുന്നു.കോവിഡ് സെന്ററുകളിൽ(ഡി.സി.സി)നിന്നുള്ള വൗച്ചറുകൾ ചുമതലക്കാരായ ഉദ്യോഗസ്ഥരുടെ ശുപാർശയോ സാക്ഷ്യപ്പെടുത്തലോ കൂടാതെയാണ് തുകമാറിനൽകികാണുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/12/2022 | 01/07/2022 -30/09/2022 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/09/18 മുതൽ 19/09/2018 വരെ | 2013-14 മുതൽ 2017-18 വരെ | 26/10/2018 |

## 1-11 വസ്തുനികുതി ഇനത്തിൽ 21,16,886 രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് നികുതി വരുമാനമാണ് വസ്തുനികുതി. വസ്തുനികുതി ഇനത്തിൽ 21,16,886 രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) | 751412 |
| Receivables For Property Tax On Residential Building (Arrear) | 485011 |
| Receivables For Property Tax On Non Residential Building (Current) | 629881 |
| Receivables For Property Tax On Non Residential Building (Arrear) | 250582 |

തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായി ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം തീർപ്പാക്കേണ്ടതാണ്.

എൻക്വയറി നം. 19/15.02.2023

## 1-12 ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യുന്നില്ല

2021-22 വർഷം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ഇതോടനുബന്ധിച്ച് പുറപ്പെടുവിച്ച 1996-ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭ പ്രവർത്ത നങ്ങൾക്കും മറ്റ് സേവനങ്ങൾ ക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. റീട്ടെയിൽ റേഷൻഷോപ്പുകൾക്ക് ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻഷോപ്പുകൾ ഒന്നും തന്നെ 2021-22 വർഷം ഗ്രാമപ്പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നേടിയിട്ടില്ല. റീട്ടെയിൽ റേഷൻഷോപ്പുകളിൽ നിന്നും തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നികുതിയും ഫീസും ഒടുക്കാൻ വിസമ്മതിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 06/13.02.23

## 1-13 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ ലേലം ഇനത്തിൽ ചുവടെ പറയുന്ന ഇനങ്ങളുടെ ലേലത്തുക പൂർണ്ണമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| കൊട്ടിയം മാർക്കറ്റ് ഗേറ്റ് ഫീസ് & കംഫർട്ട് സ്റ്റേഷൻ | 81900/- രൂപ |
| ആദിച്ചനല്ലൂർ പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം | 195000/- രൂപ |
| ആദിച്ചനല്ലൂർ ചിറ മൽസ്യകൃഷി | 5700/- രൂപ |
| ആകെ തുക | 282600/- രൂപ |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ലേല നിബന്ധന പ്രകാരം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ലേല തുകയുടെ പകുതി ലേലം സ്ഥിരപ്പെടുത്തി കിട്ടിയാൽ ഉടനേയും ബാക്കി തുക ലേലം കമ്മറ്റി അംഗീകരിച്ച് ഏഴ് ദിവസത്തിനകവും പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ ലേലം സ്ഥിരപ്പെടുത്തി നൽകി (10.03.2021 ലെ 14 (1) നമ്പർ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം) ഒരു സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടും ലേല തുക പൂർണ്ണമായും ഈടാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ലേലം സ്ഥിരപ്പെടുത്തിയ വ്യക്തികളുമായി നിയമാനുസൃതമായി കരാർ ചമച്ചിട്ടില്ല. കരാർ വയ്ക്കാത്തതിനാൽ ലേല കുടിശ്ശിക ഈടാക്കുന്നതിന് നിയമ നടപടിയ്ക്ക് സാധ്യത ഇല്ലാത്തതിനാൽ കരാർ കൂടാതെ ലേലം ഉറപ്പിച്ച് നൽകിയ സെക്രട്ടറിയിൽ നിന്നും ലേല കുടിശ്ശിക പലിശ സഹിതം ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

നഷ്ട തുക- 2,82,600/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. സ്റ്റീഫൻ എം. (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)

ഓഡിറ്റ് എൻക്വയറി നം. 5/13.02.2023

## 1-14 ഇ.എം.ഡി കണ്ടുകെട്ടാനും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിൽവരുത്തിയില്ല

2020-21 വർഷത്തിൽ ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് ശ്രീ. അജിത്ത്. എസ്, പാലവിള വീട് എന്ന കരാറുകാരൻ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ടെൻഡർ സമർപ്പിച്ചിരുന്നു. പദ്ധതികളും, ശ്രീ അജിത്ത് രേഖപ്പെടുത്തിയ തുകയും മറ്റ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 53/21 കുരിശടി മുക്ക് കുടിയാട്ട് മുക്ക് റോഡ് റീ കോൺക്രീറ്റിങ് -വാർഡ് 12, എസ്റ്റിമേറ്റ് തുക (ടെന്റർ ഷെഡ്യൂൾ തുക): 445977/-രൂപ. രേഖപ്പെടുത്തിയ തുക. 353610/-.ഇഎംഡി(2.5%)= 11149/-രൂപ.
2. പ്രോജക്ട് നമ്പർ 73/21 അടിമുക്ക് കോണത്ത് റോഡ് സൈഡ് കോൺക്രീറ്റിങ്-വാർഡ് 5, എസ്റ്റിമേറ്റ് തുക (ടെന്റർ ഷെഡ്യൂൾ തുക): 535220.86/-രൂപ. രേഖപ്പെടുത്തിയ തുക. 421225/-,ഇഎംഡി(2.5%)= 13381/-രൂപ.
3. പ്രോജക്ട് നമ്പർ 78/21 ആലുവിള ലിറ്റിൽ ബംഗ്ലാവിലേക്കുള്ള കനാൽ റോഡ് കോൺക്രീറ്റിങ്-വാർഡ് 9, എസ്റ്റിമേറ്റ് തുക (ടെന്റർ ഷെഡ്യൂൾ തുക): 446113.12/-രൂപ. രേഖപ്പെടുത്തിയ തുക. 350640/-, ഇഎംഡി(2.5%)= 11153/-രൂപ.
4. പ്രോജക്ട് നമ്പർ 93/21 തഴുത്തല ഏലാ റോഡ് റീ കോൺക്രീറ്റിങ്-വാർഡ് 20, എസ്റ്റിമേറ്റ് തുക (ടെന്റർ ഷെഡ്യൂൾ തുക): 446296/-രൂപ. രേഖപ്പെടുത്തിയ തുക. 350490/-,ഇഎംഡി(2.5%)= 11157/-രൂപ.

എന്നാൽ ശ്രീ. അജിത്ത് ടിയാന് അനുവദിച്ചിരുന്ന സമയത്തിനുള്ളിൽ കരാർ വയ്ക്കാൻ തയ്യാറായില്ല.

കരാർ വെക്കാതിരുന്നതിനെ തുടർന്ന് രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നവർ, ശ്രീ. അജിത്ത് രേഖപ്പെടുത്തിയ നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറാകാതിരുന്നതിനാൽ മേൽ പരാമർശിച്ച നാല് പ്രവൃത്തികളും റീടെൻഡർ ചെയ്യുന്നതിനും ശ്രീ. അജിത് കുമാറിന്റെ ഇ.എം.ഡി കണ്ടുകെട്ടി ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും 5.10.20 ലെ 1/2 തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയിരുന്നു. മേൽ പദ്ധതികൾ തീരുമാനപ്രകാരം റീ ടെൻഡർ ചെയ്യുകയും പുതിയ കരാറുകാരെ കണ്ടെത്തി സ്പിൽ ഓവർ പദ്ധതികളായി 21-22 വർഷത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇ.എം.ഡി കണ്ടുകെട്ടാനും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും ഉള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിൽ വരുത്തിയതായി രേഖയില്ല.

ശ്രീ. അജിത് കുമാറിന്റെ ഇ.എം.ഡി കണ്ടുകെട്ടുന്നതിനും,ടിയാനെ കരിമ്പട്ടികയിൽ പെടുത്തുന്നതിനുമുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/13.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ.എം.ഡി കണ്ടുകെട്ടാത്തതുമൂലം 46840/- രൂപ പഞ്ചായത്തിന് നഷ്ടം ഉണ്ടായി. പഞ്ചായത്ത് ഭരണസമിതി തീരുമാനം നടപ്പിൽ വരുത്താതിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചട്ടപ്രകാരം പലിശ സഹിതം തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയും ശ്രീ. അജിത് കുമാറിനെ കരിമ്പട്ടികയിൽ പെടുത്തുന്നതിനുമുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം നടപ്പിൽ വരുത്തിയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ദേശീയ തൊഴിലുറപ്പ് പദ്ധതി-നടത്തിപ്പിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ

1. മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ-തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളില്ല.

2021-22 വർഷത്തിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി ആകെ 148.5 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി (കൃഷിക്ക് പണ തയ്യാറാക്കൽ) 2,33,46,561/-രൂപ ചെലവഴിച്ചു.
പദ്ധതി സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ഭൂമി കൃഷിയോഗ്യമാക്കുന്നതിനു മുന്നോടിയായി ഭൂവുടമകളിൽനിന്നും പ്രസ്തുത ഭൂമിയിൽ നിശ്ചിത കൃഷി നടത്തുന്നതാണെന്ന് രേഖാമൂലം ഉറപ്പുവാങ്ങിയില്ല.
2. കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾക്ക് ശേഷം പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കൃഷി നടന്നതായി വ്യക്തമാക്കുന്ന രേഖയില്ല.
3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
4. കിഴങ്ങ് വർഗ്ഗ കൃഷി, വാഴകൃഷി എന്നീ വിഭാഗങ്ങളിലായി ആകെ 300000/-രൂപായുടെ പദ്ധതികൾ മാത്രമാണ് തൻവർഷം കൃഷി വികസന ഓഫീസർ പഞ്ചായത്തുവഴി നടപ്പിലാക്കിയിട്ടുള്ളത്. ഭൂമി കൃഷിയോഗ്യമാക്കുന്നതിനു മുന്നോടിയായി കൃഷി ഓഫീസറുടെ അഭിപ്രായം തേടിയിരുന്നതായി രേഖയില്ല.

2. മറ്റ് അപാകതകൾ

1. Road Concrete പ്രവൃത്തികളിൽ സ്റ്റോക്ക് ചെയ്യുന്ന Cement ഉൾപ്പടെയുള്ള അസംസ്കൃത വസ്തുക്കളുടെ Quality സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന കുറഞ്ഞ തുക കണക്കാക്കി പദ്ധതി നിർവ്വഹണാധികാരിയായ അക്രഡിറ്റഡ് എഞ്ചിനീയറുടെ ശുപാർശയോടുകൂടി മാത്രം ഫണ്ട് ട്രാൻസ്ഫർ ഓർഡർ നൽകേണ്ടതിനു പകരം ഇത്തരം ശുപാർശകളൊന്നും കൂടാതെതന്നെ സെക്രട്ടറി ഫണ്ട് ട്രാൻസ്ഫർ ചെയ്യുകാണുന്നു. പ്രവൃത്തികളുടെ ഫയലുകൾ ഫണ്ട് ട്രാൻസ്ഫർ ഓർഡർ നൽകേണ്ടതിനുശേഷവും ക്ലോസുചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായും കാണുന്നു.
3. Road Concreteപ്രവൃത്തികൾക്ക് വാങ്ങിയ Cement -ന് Market Rate നേക്കാൾ ഉയർന്ന വില (@515.2)നൽകി കാണുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ- 2/10.2.23)

## 1-16 ടെൻഡർ കിഴിവ് കണക്കിലെടുക്കാതെ അവസാന ബിൽതുക നൽകി 16513/-രൂപയുടെ നഷ്ടം.

പ്രോജക്ട് നമ്പർ – 110/21-22 (മൂഴിയിൽ കുളം നവീകരണം)
അടങ്കൽ തുക. 300000/- രൂപ(ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് . 218422/- (വൗച്ചർ നമ്പർ 1119/30.3.22)
കരാറുകാരൻ. ശ്രീ. അലക്സാണ്ടർ. TK
പി.എ.സി തുക. 266485.94
എഗ്രീഡ് പി.എ.സി 246339.60(-7.56%)
കരാർ നമ്പർ - 19/AE/LSGD/ADNR/21-22/Dtd.4.1.22

ബിൽ തുക നൽകിയതിന്റെ വിവരങ്ങൾ

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം. | 195020/- |
| Add 12%for GST | 23402/- |
| ആകെ. | 218422/- |
| Recovery(1+1+1+1) | |
| 195020 ന്റെ 4% = | 7800/- |
| കരാറുകാരന് നൽകിയ തുക. | 210622/-രൂപ |

ടെൻഡർ കിഴിവ് കണക്കിലെടുക്കാത്തതുമൂലം അധിക ചെലവ് 7.56%x195020= 14743.51
+12%GST Componsation = 1769.2
ആകെ 16513 രൂപ

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി

നമ്പർ 5/13.2.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 16,513/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-17 റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ-റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയതായി രേഖയില്ല- വിശദീകരണം ലഭ്യമാക്കണം.

ചുവടെ ചേർക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ, കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിങ് പ്രവർത്തനങ്ങളുടെ ഭാഗമായി, അധിക പ്രവൃത്തികൾ വേണ്ടി വന്നതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം. 151/21-22 കൈതക്കുഴി ടി.ബി ജംഗ്ഷൻ പോകുന്ന വഴി കുന്നുകള ജംഗ്ഷൻ മുൻപ് മർത്തോമാ പള്ളിയിലേക്ക് പോകുന്ന വഴി റീടാറിംങ് (വാർഡ് 9)
2. പ്രോജക്റ്റ് നം. 78/21-22 വെളിച്ചിക്കാല-വിളപ്പുറം മുക്കട ഭാഗം വരെ റോഡ് റീടാറിങ് (വാർഡ് 8)
3. പ്രോജക്റ്റ് നം. 198/21-22 മൈലക്കാട് ജംഗ്ഷൻ മുതൽ കാഞ്ഞിരംകടവ് റോഡ് റീടാറിങ് (വാർഡ് 13 )
4. പ്രോജക്റ്റ് നം. 86/21-22 കൊല്ലന്റഴികം പുന്തലത്ത് മുക്ക് തഴുത്തല റോഡ് റീടാറിങ്.
5. പ്രോജക്റ്റ് നം. എസ് ഓ 77/21-22 ഹൈസ്കൂൾ-വിള്ളപ്പുറം റോഡ് റീകോൺക്രീറ്റിംങ്.

മേൽ പരാമർശ റോഡുകൾ, പഞ്ചായത്തിന്റെ ആസ്തികളിലുൾപ്പെട്ട റോഡുകളിൽ പൈപ്പ് ലൈനിങ്ങിന്റെ ഭാഗമായുള്ള കുഴിയെടുക്കലിന് കേരള ജല അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ എന്നും, അപ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിൽ റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കി ഈടാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 18/15.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശ വിഷയങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയില്ല.പഠനകാലയളവ് അവസാനിച്ച സാഹചര്യത്തിൽ കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ്

പദ്ധതി- 31/22, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ - 478805/- (എസ്.സി.പി)
ചെലവ് - 478805/-

ടി പദ്ധതി പ്രകാരം Laptop വാങ്ങി നൽകുന്നതിനായി 478805 /- രൂപ (ബിൽ നമ്പർ -9/26-10-21) കേരള സ്റ്റേറ്റ് ഐടി മിഷന് നൽകി. 28165 രൂപ നിരക്കിൽ 17 Laptop വാങ്ങുന്നതിനാണ് തുക നൽകിയത്. എന്നാൽ നാളിതുവരെ Laptop ലഭ്യമായിട്ടില്ല. 17 വിദ്യാർഥികളിൽ 9 വിദ്യാർത്ഥികളുടെയും പഠനകാലയളവ് അവസാനിച്ചിട്ടും പദ്ധതി പ്രകാരം പഠന സൗകര്യത്തിനായി വാങ്ങി നൽകേണ്ടിയിരുന്ന Laptop നൽകിയില്ല. പഠനകാലയളവ് അവസാനിച്ച വിദ്യാർഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർഥിയുടെ പേര്, മേൽവിലാസം | കോഴ്സ്-അവസാന വർഷം |
|---|---|---|
| 1 | ഹേമന്ത് ദാസ്, യദു നന്ദനം, ആദിച്ചനല്ലൂർ | ബികോം |
| 2 | വർഷാ രാജു, ഒറ്റപ്ലാവിള, കുണ്ടുമൺ | ബി.എ. |
| 3 | അമൽ രാജ്, ശ്രീനിലയം, ആദിച്ചനല്ലൂർ | ബികോം |
| 4 | അശ്വതി ബി, കളിലഴികത്ത് വീട്, കുമ്മല്ലൂർ | എം.എ. |
| 5 | മേഘ എം, തോട്ടത്തിൽ വീട്, ആദിച്ചനല്ലൂർ | ബി.എ. |
| 6 | അതുല്യ സിദ്ധാർത്ഥ്, അതുല്യ ഭവൻ ,ആദിച്ചനല്ലൂർ | ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എൻജിനീയറിംഗ് |
| 7 | പൂജാ പി, രാധാ ഭവനം | ബി.എ. |
| 8 | സാന്ദ്ര എസ്, മൈതാനത്ത് വീട്, കൊട്ടിയം | എം. എസ്, സി. |

| | | |
|---|---|---|
| 9 | ഗോയൽ പ്രസാദ്, ചിറവിള വീട് ,കൊട്ടിയം | ബി. എസ്. സി |

നാളിതുവരെ Laptop വാങ്ങി നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണിൽ, Laptop ലഭ്യമായിരുന്ന അവസരത്തിലാണ് ഈ തുക കൈമാറിയിട്ടുള്ളതെന്നും എന്നാൽ യഥാസമയം ലാപ്ടോപ്പുകൾ ലഭിക്കാത്തതിനെത്തുടർന്ന് കെൽട്രോണുമായി നിരവധി തവണ ഫോൺ മുഖേന ബന്ധപ്പെട്ടിരുന്നു, അപ്പോഴെല്ലാം ഉടൻതന്നെ Laptop നൽകാൻ കഴിയും എന്ന് മറുപടിയാണ് കെൽട്രോണിൽ നിന്ന് ലഭിച്ചിട്ടുള്ളത്. വിദ്യാർഥികളുടെ പഠനകാലയളവ് അവസാനിച്ച സാഹചര്യത്തിൽ ഭരണസമിതി തീരുമാനം കൈക്കൊണ്ട് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. 2021- 22 പദ്ധതി പ്രകാരം Laptop വാങ്ങി നൽകേണ്ടിയിരുന്നത് 2022 -23 അവസാനിച്ചിട്ടും നൽകിയില്ല. സി.പി.ആർ.സി.എസ്. പോർട്ടലിൽ ലാപ്ടോപ്പ് ലഭിക്കുവാൻ കാലതാമസം ഉണ്ടായാൽ ടെണ്ടർ /ഇ-ടെണ്ടർ മുഖേന വാങ്ങാവുന്നതാണ് (സർക്കുലർ നം.ഡി.എ.1/363/2019/തസ്വഭവ തീ.20.01.2020 ) എന്നിരിക്കെ യഥാസമയം ലാപ്ടോപ്പ് വിതരണം ചെയ്യാൻ കഴിയാത്തത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്.ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി ചെലവഴിച്ച 4,78,805 /- രൂപ തടസ്സപ്പെടുത്തുന്നു. കെൽട്രോണിൽ നിന്ന് തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 4,78,805 /- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ - 14/14-2-23

## 1-19 മഴക്കാല പൂർവ്വ ശുചീകരണം-ഫണ്ട് വിനിയോഗത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 300000/- രൂപ (ശുചിത്വ മിഷൻ ഫണ്ട് 200000/-, തനത് ഫണ്ട് 100000/-) ചെക്ക് നം. 5757420 തീയതി. 14.06.2021 പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആദിച്ചനല്ലൂർ പേർക്ക് നൽകിയിരുന്നു.20 വാർഡുകളിൽ 15000/- രൂപ നിരക്കിൽ വിനിയോഗിക്കുന്നതിനാണ് തുക നൽകിയിരുന്നത്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ വാർഡുകൾ 1, 2, 3, 4, 6, 7, 11, 12, 13, 14, 15, 20 എന്നിവയിൽനിന്നും 15000/- രൂപവീതം വിനിയോഗിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്.വാർഡുനമ്പർ 19-ൽ നിന്നും 21-22 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത് 10800/-രൂപ മാത്രമാണെന്ന് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ വ്യക്തമാക്കുന്നു. തുകയുടെ വിനിയോഗം സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. വാർഡുനമ്പർ 19-ൽ ചെലവഴിക്കാതെ ശേഷിക്കുന്ന 4200/- രൂപ നാളിതുവരെ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടില്ല.
2. 1,05,000/- രൂപയുടെ ചെലവുകൾ സംബന്ധമായി വ്യക്തതയില്ല.
3. ഓഡിറ്റിന് ലഭ്യമാക്കിയ വൗച്ചറുകൾ ഒന്നും തന്നെ മെഡിക്കൽ ഓഫീസർ മേലൊപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.
4. മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ 4/21 മുതൽ 12/21 വരെയുള്ള വിവിധ മാസങ്ങളിൽ നടത്തിയതായാണ് രേഖകൾ വ്യക്തമാക്കുന്നത്. അപാകതകൾക്കുമേൽ വിശദീകരണങ്ങളും,രേഖകളും ആവശ്യപ്പട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/15.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ 1,05,000/- രൂപായുടെ ചെലവുകൾ ഓഡിറ്റ് തടസ്സംചെയ്യുന്നു.

വാർഡുനമ്പർ 19-ൽ ചെലവഴിക്കാതെ ശേഷിക്കുന്ന 4,200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പരാമർശ അപാകതകൾക്കുമേൽ, ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-20 ആയുർവേദ ആശുപത്രിക്ക് പ്രിൻ്ററർ വാങ്ങൽ- പ്രിൻ്ററർ ലഭിച്ചില്ല

ഗവ. ആയുർവേദ ഡിസ്പെൻസറിയിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 122/22 നം. പദ്ധതി പ്രകാരം നോൺ-റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിൽ നിന്നും 20,188 രൂപ (ബിൽ നം-06-22.01.22) കേരള സ്റ്റേറ്റ് ഐ.ടി.മിഷന് കൈമാറിയിട്ടുണ്ട്. *A4-Multifunction Printer-Entry Level Ubuntu* വാങ്ങുന്നതിനാണ് തുക ചെലവഴിച്ചതെങ്കിലും പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ല. പ്രിന്റർ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 20,188 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പ്രിന്റർ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച്

തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 04-13.02.23

തടസ്സപ്പെടുത്തിയ തുക - 20,188/- രൂപ

## 1-21 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ലാത്തതിനാൽ വാങ്ങുന്നതിനായി ചെലവഴിച്ച 182151/- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ - S0016/22

അടങ്കൽ - 4,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം)

ചെലവ് – 4,00,000/- രൂപ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, ഹോമിയോ

2021-22 വർഷത്തിൽ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി (ബിൽ നം. 1/22, തീ.25.1.22) 4,00,000/- രൂപ ഹോംക്കോയ്ക്ക് നൽകി. ഇൻവോയിസ് നമ്പർ LF 1498/2-1-23 പ്രകാരം 217849/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ നൽകിയിട്ടുള്ളൂ. ശേഷിച്ച 182151/- രൂപയുടെ മരുന്ന് ലഭിക്കുന്നതിന് സ്വീകരിച്ചനടപടികൾ അറിയുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 182151/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,82,151/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ - 3 /13-02-23

## 1-22 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

1. അനുപൂരകപോഷകാഹാരം – അധികമായി പിൻവലിച്ച തുകയ്ക്ക് പിഴ പ്പലിശ ഈടാക്കിയില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ (പ്രോ നം.36/22) ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ കരാറുകാരനായ ശ്രീ. എൽ. ജോണിന് നൽകേണ്ട 23,160/- രൂപയ്ക്ക് പകരം 2,56,992/-രൂപയാണ് ഐ.സി.ഡി.എസ്. സെൻട്രൽ ഷെയറിൽ നിന്നും ടിയാളുടെ അക്കൗണ്ടിലേക്ക് 11-11-21ൽ (ചെക്ക് നം 5757466/11-11-21) കൈമാറിയത്. അധികമായി നല്കിയ 2,33,832/- രൂപ 9 മാസങ്ങൾക്ക് ശേഷം 29-8-22ലാണ് തിരികെ ഈടാക്കിയിട്ടുള്ളത്. ചെലവ് തുകകളിൽ നിന്നും അധികമായി ഒരു രൂപ പോലും പിൻവലിക്ക രുതെന്ന് ധനവിനിയോഗമാർഗ്ഗരേഖകളിൽ കർശന നിർദ്ദേശമുണ്ടായിരിക്കെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ മേൽ പ്രവൃത്തികൾ ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. അധികം നല്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിലും ടി കാലയളവിലെ പിഴപ്പലിശ ഈടാക്കിയിട്ടില്ല. ടിയാളിൽ നിന്നും 18% നിരക്കിൽ പിഴപ്പലിശ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 20/15-3-22

2. അംഗൻവാടികൾക്ക് ഉപകരണങ്ങൾ - ഉപകരണം ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഉപയോഗിച്ചിട്ടില്ല

മേൽ പദ്ധതി വഴി പഞ്ചായത്തിലെ 34 അംഗൻവാടികൾക്കും 2 വർഷ വാറന്റിയോട് കൂടിയ മിക്സർ ഗ്രൈന്റർ 26-2-22ൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തോഫീസിനോട് ചേർന്ന് പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ സ്ഥിതി ചെയ്യുന്ന 27ാം നമ്പർ അംഗൻവാടിയിൽ 15-3-22ൽ സ്ഥലപരിശോധന നടത്തിയതിൽ 26-2-22 ൽ ലഭിച്ച മിക്സിയുടെ പാക്കറ്റ് സീൽ പോലും പൊട്ടിക്കാത്ത നിലയിൽ സൂക്ഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു. വൈദ്യുതി കണക്ഷനിലെ അപാകത മൂലമാണ് മിക്സി ഉപയോഗിക്കാത്തതെന്നാണ് അംഗൻവാടി വർക്കർ അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നും ഉപകരണങ്ങൾ വാങ്ങി നല്കുന്നതല്ലാതെ തുടർ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനോ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനോ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രമിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കുകയും അവ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനും ശേഷം മാത്രം പർച്ചേസുകൾ നടത്തേണ്ടതും നിലവിൽ 34 അംഗൻവാടികളിലും ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-23 ധന വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2,15,442 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം | 44/22 |
| അടങ്കൽ | 25,00,000/- രൂപ |
| ചെലവ് | 6,25,000/- രൂപ |
| ബിൽ നമ്പർ | 10/21.02.2022 |

4 മുതൽ 6 മാസം വരെ പ്രായമുള്ള 100 കന്നുകുട്ടികൾക്ക് പ്രായപൂർത്തിയാകുന്നത് വരെ 50% നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ള തുകയാണ് മേൽ പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിന്റെ അക്കൌണ്ടിലേക്ക് നൽകിയിരിക്കുന്നത്. നാളിതുവരെ ഈ ഇനത്തിൽ 4,09,558 രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുകയുടെ ധന വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നത് വരെ 2,15,442 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ധന വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 13-14.02.23

തടസ്സപ്പെടുത്തിയ തുക - 2,15,442/- രൂപ

## 1-24 എസ്.സി.കുട്ടികൾക്ക് പഠന മുറി-പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി – 22/22, എസ്. സി കുട്ടികൾക്ക് പഠന മുറി

അടങ്കൽ - 1800000/- (എസ്.സി.പി)

ചെലവ് - 1350000/-

2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രകാരം എസ്.സി.കുട്ടികൾക്ക് പഠനമുറിക്കായി 13,50,000/- രൂപ ചെലവഴിച്ചു. ഒരു കുട്ടിക്ക് 2 ലക്ഷം രൂപയാണ് നൽകിയത്. പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം വാല്വേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് പ്ലാൻ ഇവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാല്വേഷൻ സർട്ടിഫിക്കറ്റിൽ നിർമ്മാണത്തിനു ചെലവായ തുക മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 2 ലക്ഷം രൂപയ്ക്ക് മുകളിൽ തുക ചെലവായതായാണ് ചെയ്ത ഓരോ വാല്വേഷൻ സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അസി.എഞ്ചിനിയർ നൽകുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നത് എന്ന മറുപടിയാണ് നൽകിയത്. പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം ഉൾപ്പെടുത്തിയ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ - 14/14-2-23

## 1-25 സെപ്റ്റിക് ടാങ്ക് നവീകരണം സ്പിൽ ഓവർ പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പദ്ധതി - 128/22 - സെപ്റ്റിക് ടാങ്ക് നവീകരണം (സ്പിൽ ഓവർ)
അടങ്കൽ - 1336000/- രൂപ
ചെലവ് - 1138800 /- രൂപ (സി.എഫ്.സി-508800, സെൻട്രൽ ഷെയർ-630000)

സെപ്റ്റിക് ടാങ്ക് നവീകരണം സ്പിൽ ഓവർ പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. ടി പദ്ധതി പ്രകാരം 126 പേർക്ക് ആനുകൂല്യം നൽകി. 2020- 21 വർഷം സെപ്റ്റിക് ടാങ്ക് നവീകരണം പദ്ധതി പ്രകാരം 31 പേർക്ക് ആനുകൂല്യം നൽകിയിരുന്നു. ഇതിൽ പത്തുപേർ പ്രവൃത്തി പൂർത്തിയാകാത്തതിനാൽ അവർക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടിയാണ് 2021- 22 വർഷം പദ്ധതി സ്പിൽ ഓവർ ആക്കിയത്. എന്നാൽ ഈ പദ്ധതിയിൽ ഗ്രാമസഭ അംഗീകരിക്കാത്ത 116 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല.കൂടാതെ 2022-23 സാമ്പത്തിക വർഷവും ടി പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പദ്ധതിയിൽ തുക അവശേഷിക്കുന്നതിനാലും 2021- 22 സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വച്ച പത്ത് ഗുണഭോക്താക്കൾ, പണി പൂർത്തീകരിക്കാതിരുന്നതിനാലും ഇവർ അർഹതയുള്ള ഗുണഭോക്താക്കൾ ആണെന്ന് ബോധ്യപ്പെട്ടതിനാലും ആനുകൂല്യം നൽകുന്നതിന് വേണ്ടിയാണ് പദ്ധതി വീണ്ടും സ്പിൽ ഓവർ ആക്കിയത്. സെപ്റ്റിക് ടാങ്ക് നവീകരണം പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ അടുത്ത ഗ്രാമസഭാ യോഗത്തിൽ ചർച്ചചെയ്ത് സാധൂകരണ വാങ്ങുന്നതാണെന്ന് മറുപടി ലഭ്യമാക്കി.ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് മാത്രം പദ്ധതി പ്രകാരം ആനുകൂല്യം നൽകേണ്ടതാണ്. പദ്ധതി ആവിഷ്കരിക്കുമ്പോൾ ഗുണഭോക്താക്കൾക്ക് അനുപാതികമായി മാത്രം തുക ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല - 429795/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ 19/22, 70/22, 74/22 പ്രകാരം മരുന്ന്, ഉപകരണങ്ങൾ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി തുക ചെലവഴിച്ചെങ്കിലും മരുന്ന്, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായി ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | നൽകിയ തുക(രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക |
|---|---|---|---|
| 19 /22, ജീവിത ശൈലി രോഗത്തിനുള്ള മരുന്ന് വാങ്ങൽ | ബിൽ നമ്പർ - 5/13.7.21, 600000/- | 576066 /- | 23934 /- |
| 70/22, പി.എച്ച്. സി മരുന്ന് വാങ്ങൽ | ബിൽ നമ്പർ - 4/13.7.21, 800000/- | 568707 /- | 231293 /- |
| 74/22, സാന്ത്വന പരിചരണം, മരുന്ന് വാങ്ങൽ | 716440/- | 545643 /- | 170797 /- |

| | | | |
|---|---|---|---|
| 74/22, സാന്ത്വന പരിചരണം, ഉപകരണം വാങ്ങൽ | 99998/- | 96227 /- | 3771/- |
| | | ആകെ | 429795 രൂപ |

മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 429795 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 4,29,795/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 21/15.1.23

## 1-27 തെരുവ് വിളക്ക് പരിപാലനം-അടാട്ട് മാതൃക-പദ്ധതി നടത്തിപ്പിലെ അപാകതകൾ

എ) തെരുവ് വിളക്ക് പരിപാലനം – രേഖകൾ ഹാജരാക്കിയില്ല
തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച പദ്ധതി ഫയലിൽ (പ്രോജക്ട് നം 157/22) ഇലക്ട്രീഷ്യന്റെ വേതനം,വാഹന വാടക എന്നീയിനത്തിൽ ശ്രീ. തമ്പി, ശ്രീ. ബാബു, എന്നിവർക്ക് പരിപാലനച്ചെലവിനത്തിൽ 1,25,323 രൂപ നൽകിയതിന്റെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയത്. തെരുവ് വിളക്കുകളുടെഎണ്ണമോ, ഏത് ദിവസങ്ങളിലാണ് പരിപാലനം നടത്തിയതെന്നോ ഉള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 125323- രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകളോടൊപ്പം ചുവടെ ചേർക്കുന്ന രേഖകളും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് നമ്പർ എന്നിവ ഉൾപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ

2. കെ.എസ്.ഇ.ബിയിൽ നിന്നുള്ള താരിഫ് കാർഡ്

3. തെരുവ് വിളക്ക് പരിപാലന രജിസ്റ്റർ, പരാതി രജിസ്റ്റർ

4. നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ തെരുവ് വിളക്കുകളുടെ എണ്ണം, പോസ്റ്റ് നമ്പർ എന്നിവ ഉൾപ്പെടുത്തിയ രജിസ്റ്റർ

മേൽ വിഷയങ്ങൾ സൂചിപ്പിച്ചു കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ട്യൂബ് ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി.സ്ഥാപിച്ചു വരുന്നതായാണ് അറിയിച്ചിട്ടുള്ളത്.

എൻക്വയറി നം 1/9-2-23

തടസ്സപ്പെടുത്തുന്ന തുക 1,25,323/-

തെരുവ് വിളക്ക് പരിപാലനം - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലി ക്കുന്നില്ല.

തെരുവ് വിളക്ക് പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധിച്ചതിൽ നിലവിലും ട്യൂബ് ലൈറ്റ് കൂടുതലായി വാങ്ങിയിട്ടുള്ളതായി ബോധ്യപ്പെട്ടു (ട്യൂബ് ലൈറ്റ് 36/40 വാട്ട് 800 എണ്ണം @ 43 , ഇലക്ട്രോണിക് ചോക്ക് 600 @ 160/-)

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)362/13 തീ 16-11-13 ഖ7.9)യിൽ മറ്റ് ലാമ്പുകളെ അപേക്ഷിച്ച് വിലക്കുറവുള്ളതും ആയുസ്സ് കൂടിയതുംഊർജ്ജ ഉപഭോഗം കുറഞ്ഞതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമായ എൽ.ഇ.ഡി.ലാമ്പുകൾ മാത്രമേ തെരുവ് വിളക്ക് പരിപാലനത്തിന് പുതുതായി വാങ്ങി ഉപയോഗിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള മറ്റ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രം തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)22/18 തീ 14-2-18 ഖ7.9.1)യിലും സ്ട്രീറ്റ് ലൈറ്റ് ആയി എൽ.ഇ.ഡി.ലാമ്പുകൾ ഉപയോഗിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷമായ 2021-22ലും ട്യൂബുസെറ്റുകളും അനുബന്ധസാധനങ്ങളും വാങ്ങുന്നതിനാണ് കൂടുതൽ തുകയും ചെലവഴിച്ചത്. മേൽവിഷയം സൂചിപ്പിച്ചു നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലാവ് പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം മൂലമാണ്

നിലവിലും ട്യൂബ് ലൈറ്റുകൾ ഉപയോഗിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ട്യൂബ് ലൈറ്റുകളെ അപേക്ഷിച്ച് എൽ.ഇ.ഡി.ലാമ്പുകൾക്ക് വളരെ കുറഞ്ഞ വൈദ്യുതോപഭോഗം മാത്രമുള്ളതിനാലും പ്രവർത്തനകാലയളവ് കൂടിയതായതിനാലും തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡിയിലേക്ക് മാറേണ്ടതും വൈദ്യുതിചാർജിനത്തിലുള്ള അധികചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക (₹), ഫണ്ട്, സ്ഥാപനം | ചെലവഴിച്ച തുക (₹) (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 194/22 പി.എം.എ.വൈ വിഹിതം എസ്.സി.പി 630000/- | 630000/-ബിൽ നം20/10-2-22 | 630000/- | മേൽ രണ്ടു പദ്ധതികളിലെയും ഗുണഭോക്തൃ ലിസ്റ്റ് (ബ്ലോക്കിലേക്ക് കൈമാറിയത്) തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ് |
| 2 | 191/22 പി.എം.എ.വൈ വിഹിതം ജനറൽ 420000/- | 420000/-ബിൽ നം19/10-2-22 | 420000//- | |
| 3 | പ്രോജക്റ്റ് നമ്പർ 2/22 ഐ കെഎമ്മിന് അടയ്ക്കേണ്ട വിഹിതം 95265/- | 95265- ബിൽ നം11/25-10-21. | 95265//- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 4 | പ്രോജക്റ്റ് നമ്പർ 60/22 ജീവനം 200000/- | 200000-ബിൽ നം6/29-7-21. | 200000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 5 | പ്രോജക്റ്റ് നമ്പർ 185/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -210178/- | സി.എഫ്.സി ബിൽ നം.19/22-3-22 | 210178- | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| | | | 1555443 | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം – 1/9-2-23

തടസ്സപ്പെടുത്തുന്ന തുക – 15,55,443/-രൂപ

## 1-29 തരിശ് കൃഷിയിടങ്ങളിൽ വാഴകൃഷി-സബ്സിഡി അധികം നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 50/22, തരിശ് കൃഷിയിടങ്ങളിൽ വാഴകൃഷി |

| | |
|---|---|
| അടങ്കൽ തുക | 200000/-, വികസനഫണ്ട് |
| ചെലവഴിച്ച തുക | ആകെ – 200000/- (ബിൽ നം 3/22-1-22) തുക 100000/-, ബിൽ നം. 5/28-1-22 തുക - 100000/-) |

മേൽ പദ്ധതി വഴി 12500 വാഴത്തൈകൾ KAICO-ൽ നിന്നും 16 രൂപ നിരക്കിൽ വാങ്ങി 105 വ്യക്തികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. അഞ്ച് ഹെക്ടർ ഭൂമിയിലെ കൃഷിക്ക് 12500 വാഴ വിത്തുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് (ഒരു സെന്റിന് 10 വാഴതൈകൾ വീതം). തരിശു കൃഷി എന്ന് പ്രോജക്ടിൽ ഉണ്ടെങ്കിലും കൃഷിഭൂമി തരിശാണ് എന്ന കൃഷിഓഫീസറുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മൂന്ന് വർഷത്തിലധികമായി പൂർണ്ണമായി കൃഷിക്ക് ഉപയോഗിക്കാത്ത ഭൂമിയെ തരിശായികണക്കാക്കി അതിലെ യഥാർത്ഥ കൃഷിക്ക് ഉപയോഗിച്ച സ്ഥലത്തിന് ആനുപാതികമായ സഹായം നല്കാമെന്നാണ് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്. തരിശുവാഴ കൃഷിക്ക് ഒരു ഹെക്ടറിന് ഭൂവുടമയ്ക്ക് ഉൾപ്പെടെ നൽകാവുന്ന തുക 35,000 രൂപയും സ്ഥിരം കൃഷിക്ക് അനുവദനീയമായ സബ്സിഡി 30,000 രൂപയുമാണ് (ഒരു ഹെക്ടറിന് വിത്ത്, വളം, കൂലിച്ചെലവ് ഉൾപ്പെടെ നൽകാവുന്ന പരമാവധി സബ്സിഡി).എന്നാൽ മേൽ പദ്ധതിയിൽ 5 ഹെക്ടറിലെ കൃഷിക്ക് വാഴതൈകൾക്ക് മാത്രമായി 200000 രൂപ (ഒരു ഹെക്ടറിന് 40000 രൂപ വീതം)ചെലവഴിച്ചിട്ടുണ്ട്, കൂടാതെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം 44 ഗുണഭോക്താക്കളാണുള്ളത്. എന്നാൽ വിതരണം ചെയ്തിട്ടുള്ളത് 105 വ്യക്തികൾക്കാണ്. കൃഷി ഭൂമിയുടെ രേഖകളോ തരിശ് ഭൂമിയാണെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തരിശ് ഭൂമിയിലെ 5 ഹെക്ടറിന് വിത്ത്, വളം കൂലിച്ചെലവ് എന്നിവയുൾപ്പെടെ നല്കാവുന്ന പരമാവധി ധനസഹായമായ 175000 രൂപയിലും (5*35000) അധികമായി വാഴവിത്തിന് മാത്രം നല്കിയ 25,000/ രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലും അധികമായി വ്യക്തികൾക്ക് നല്കിയതിനാലും മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും നിരാകരിച്ച തുക ഒഴികെയുള്ള 1,75,000/-രൂപ തടസ്സപ്പെടുത്തുന്നു. എൻക്വയറിക്ക് മറുപടിയായി താൽപ്പര്യമുള്ള കർഷകർക്ക് വാഴവിത്ത് വിതരണം ചെയ്യാൻ ഭരണസമിതിയുടെ നിർദ്ദേശം ഉണ്ടായിരുന്നു എന്ന് മറുപടി ഹാജരാക്കിയെങ്കിലും, കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല. കൂടാതെ തരിശ് ഭൂമിയിലെ കൃഷിക്ക് നൽകേണ്ട ആനുകൂല്യം താൽപര്യമുള്ള കർഷകർക്ക് നല്കണമെന്ന മറുപടി അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക സർക്കാരിലേക്ക് ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതും മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

എൻക്വയറി നം – 7/13-2-23

നിരാകരിക്കുന്ന തുക – 25000/-

തടസ്സപ്പെടുത്തുന്ന തുക – 175000/-

## 1-30 സമഗ്ര നെൽകൃഷി വികസനം കൃഷിഭൂമിയുടെ രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 26/ 22 സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ തുക | തുക 543463/-, വികസനഫണ്ട് , 212500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവഴിച്ച തുക | 543463- (ബിൽ നം. 4/22-1-22, തുക - 167580/-, ബിൽ നം. 10/2-2-22 തുക – 116883/, ബിൽ നം. 9/2-2-22, തുക - 259000/-) ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ബിൽ നം. 11/14-2-22, തുക - 157250/-) |

സമഗ്ര നെൽകൃഷി വികസനം പദ്ധതിയുടെ (പ്രോ നം 26/22) ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് കൃഷി ഭൂമി സംബന്ധമായ യാതൊരു രേഖകളും ഹാജരാക്കാതെയാണ് ആനുകൂല്യം നല്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

| | കൃഷിഭൂമിയുടെ അളവ് | നല്കിയ സബ്സിഡി(വിത്തിന്റെ വിലയുൾപ്പെടെ) |
|---|---|---|

| | | |
|---|---|---|
| അനിൽകുമാർ, കൈലാസ്, ആദിച്ചനല്ലൂർ | 1 ഹെക്ടർ | 17769/- |
| രാജീവൻപിള്ള, അജിതാഭവൻ, ആദിച്ചനല്ലൂർ | 1.8 ഹെക്ടർ | 31984/- |
| മാത്യു, മെറിൻവില്ല, ആദിച്ചനല്ലൂർ | 1.6 ഹെക്ടർ | 29102 |
| ജയിംസ്, തുണ്ടിൽ വീട്, ആദിച്ചനല്ലൂർ | 1.4 ഹെക്ടർ | 24877 |
| സിന്ധുപ്രകാശ്, ശിവശൈലം, ആദിച്ചനല്ലൂർ | 1.6 ഹെക്ടർ | 28430 |
| ജോർജ്ജ് ഫിലിപ്പ്, നെടുചിറവീട് | 1.6 ഹെക്ടർ | 28430 |
| സെക്രട്ടറി, ആദിച്ചനല്ലൂർ സർവ്വീസ് സൊസൈറ്റി | 2.2 ഹെക്ടർ | 39082 |
| കാർത്തികേയൻനായർ, പ്ലാവിളപുത്തൻവീട് | 2 ഹെക്ടർ | 35538 |
| ഉഷാകുമാരി, വിഷ്ണനിവാസ്, ആദിച്ചനല്ലൂർ | 2 ഹെക്ടർ | 35538 |
| തോമസ്, സിബിഭവൻ, വെളിച്ചിക്കാല | 2 ഹെക്ടർ | 37663 |
| യോഹന്നാൻ. ടി, വിളപ്പുറത്ത് പുത്തൻ വീട്, | 1.2 ഹെക്ടർ | 21323 |
| | | 329736 |

കൃഷിഭൂമിയുടെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മേൽ സൂചിപ്പിച്ചവരുടേതൊഴികെയുള്ള രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

കൃഷി ഭൂമിയുടെ രേഖകൾ ഹാജരാക്കുന്നത് വരെ മേൽ സൂചിപ്പിച്ചവർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി ചെലവഴിച്ച 329736/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

എൻക്വയറി നം. 7/13-2-23
തടസ്സപ്പെടുത്തുന്ന തുക -3,29,736/-

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ ലേലം ഇനത്തിൽ ചുവടെ പറയുന്ന ഇനങ്ങളുടെ ലേലത്തുക പൂർണ്ണമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| കൊട്ടിയം മാർക്കറ്റ് ഗേറ്റ് ഫീസ് & കംഫർട്ട് സ്റ്റേഷൻ | 81900/- രൂപ |
| ആദിച്ചനല്ലൂർ പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം | 195000/- രൂപ |
| ആദിച്ചനല്ലൂർ ചിറ മൽസ്യകൃഷി | 5700/- രൂപ |
| ആകെ തുക | 282600/- രൂപ |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ലേല നിബന്ധന പ്രകാരം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ലേല തുകയുടെ പകുതി ലേലം സ്ഥിരപ്പെടുത്തി കിട്ടിയാൽ ഉടനേയും ബാക്കി തുക ലേലം കമ്മറ്റി അംഗീകരിച്ച് ഏഴ് ദിവസത്തിനകവും പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ ലേലം സ്ഥിരപ്പെടുത്തി നൽകി (10.03.2021 ലെ 14 (1) നമ്പർ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം) ഒരു സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടും ലേല തുക പൂർണ്ണമായും ഈടാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ലേലം സ്ഥിരപ്പെടുത്തിയ വ്യക്തികളുമായി നിയമാനുസൃതമായി

കരാർ ചമച്ചിട്ടില്ല. കരാർ വയ്ക്കാത്തതിനാൽ ലേല കുടിശ്ശിക ഈടാക്കുന്നതിന് നിയമ നടപടിയ്ക്ക് സാധ്യത ഇല്ലാത്തതിനാൽ കരാർ കൂടാതെ ലേലം ഉറപ്പിച്ച് നൽകിയ സെക്രട്ടറിയിൽ നിന്നും ലേല കുടിശ്ശിക പലിശ സഹിതം ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

നഷ്ട തുക - 2,82,600/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. സ്റ്റീഫൻ എം. (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)

ഓഡിറ്റ് എൻക്വയറി നം. 5/13.02.2023

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെൻഡർ കിഴിവ് കണക്കിലെടുക്കാതെ അവസാന ബിൽ തുക നൽകി 16,513/-രൂപയുടെ നഷ്ടം.

പ്രോജക്ട് നമ്പർ – 110/21-22 (മൂഴിയിൽ കുളം നവീകരണം)

അടങ്കൽ തുക – 300000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് – 218422/- രൂപ (വൗച്ചർ നമ്പർ 1119/30.3.22)

കരാറുകാരൻ – ശ്രീ. അലക്സാണ്ടർ. T K

പി.എ.സി തുക – 266485.94

എഗ്രീഡ് പി.എ.സി – 246339.60(-7.56%)

കരാർ നമ്പർ – 19/AE/LSGD/ADNR/21-22/Dtd.4.1.22

ബിൽ തുക നൽകിയതിന്റെ വിവരങ്ങൾ

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം. | 195020/- |
| Add 12%for GST | 23402/- |
| ആകെ. | 218422/- |
| Recovery(1+1+1+1) | |
| 1,95,020 ന്റെ 4% = | 7800/- |
| കരാറുകാരന് നൽകിയ തുക. | 210622/- രൂപ |

ടെൻഡർ കിഴിവ് കണക്കിലെടുക്കാത്തതുമൂലം അധിക ചെലവ് 7.56% X 195020 = 14743.51

+ 12% GST Componsation = 1769.2

ആകെ 16,513 /- രൂപ

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/13.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 16,513/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

### 3-2 മഴക്കാല പൂർവ്വ ശുചീകരണം-ഫണ്ട് വിനിയോഗത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 300000/- രൂപ (ശുചിത്വ മിഷൻ ഫണ്ട് 200000/-, തനത് ഫണ്ട് 100000/-) ചെക്ക് നം. 5757420 തീയതി. 14.06.2021 പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ആദിച്ചനല്ലൂർ പേർക്ക് നൽകിയിരുന്നു.20 വാർഡുകളിൽ 15000/-രൂപ നിരക്കിൽ വിനിയോഗിക്കുന്നതിനാണ് തുക നൽകിയിരുന്നത്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ വാർഡുകൾ 1, 2, 3, 4, 6, 7, 11, 12, 13, 14, 15, 20 എന്നിവയിൽനിന്നും 15000/- രൂപ വീതം വിനിയോഗിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. വാർഡുനമ്പർ 19-ൽ നിന്നും 21-22 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത് 10800/- രൂപ മാത്രമാണെന്ന് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ വ്യക്തമാക്കുന്നു. തുകയുടെ വിനിയോഗം സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. വാർഡുനമ്പർ 19-ൽ ചെലവഴിക്കാതെ ശേഷിക്കുന്ന 4200/- രൂപ നാളിതുവരെ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടില്ല.

2. 1,05,000/-രൂപായുടെ ചെലവുകൾ സംബന്ധമായി വ്യക്തതയില്ല.
3. ഓഡിറ്റിന് ലഭ്യമാക്കിയ വൗച്ചറുകൾ ഒന്നും തന്നെ മെഡിക്കൽ ഓഫീസർ കൗൺടർ സിഗ്നേച്ചർ രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.
4. മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ 4/21 മുതൽ 12/21 വരെയുള്ള വിവിധ മാസങ്ങളിൽ നടത്തിയതായാണ് രേഖകൾ വ്യക്തമാക്കുന്നത്. മഴക്കാലത്തിന് മുമ്പ് നടത്തേണ്ട ശുചീകരണ പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കാതെ തുക വകമാറ്റുന്നതായി ഇതിൽനിന്നും വ്യക്തമാകുന്നു. അപാകതകൾക്കുമേൽ വിശദീകരണങ്ങളും, രേഖകളും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/15.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല.
രേഖകളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ 1,05,000/-രൂപായുടെ ചെലവുകൾ ഓഡിറ്റ് തടസ്സംചെയ്യുന്നു.

വാർഡുനമ്പർ 19-ൽ ചെലവഴിക്കാതെ ശേഷിക്കുന്ന 4,200/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പരാമർശ അപാകതകൾക്കുമേൽ, ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3-3 തരിശ് കൃഷിയിടങ്ങളിൽ വാഴകൃഷി-സബ്സിഡി അധികം നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 50/22, തരിശ് കൃഷിയിടങ്ങളിൽ വാഴകൃഷി |
| അടങ്കൽ തുക | 200000/-, വികസനഫണ്ട് |
| ചെലവഴിച്ച തുക | ആകെ – 200000/-<br>(ബിൽ നം. 3/22-1-22) തുക - 100000/-,<br>ബിൽ നം. 5/28-1-22, തുക – 100000/-) |

മേൽ പദ്ധതി വഴി 12500 വാഴത്തൈകൾ KAICO ൽ നിന്നും 16 രൂപ നിരക്കിൽ വാങ്ങി 105 വ്യക്തികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. അഞ്ച് ഹെക്ടർ ഭൂമിയിലെ കൃഷിക്ക് 12500 വാഴ വിത്തുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് (ഒരു സെന്റിന് 10 വാഴതൈകൾ വീതം ).തരിശു കൃഷി എന്ന് പ്രോജക്റ്റിൽ ഉണ്ടെങ്കിലും കൃഷിഭൂമി തരിശാണ് എന്ന കൃഷിഓഫീസറുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മൂന്ന് വർഷത്തിലധികമായി പൂർണ്ണമായി കൃഷിക്ക് ഉപയോഗിക്കാത്ത ഭൂമിയെ തരിശായികണക്കാക്കി അതിലെ യഥാർത്ഥ കൃഷിക്ക് ഉപയോഗിച്ച സ്ഥലത്തിന് ആനുപാതികമായ സഹായം നല്കാമെന്നാണ് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്. തരിശുവാഴ കൃഷിക്ക് ഒരു ഹെക്ടറിന് ഭൂവുടമയ്ക്കു ഉൾപ്പെടെ നൽകാവുന്ന തുക 35,000 രൂപയും സ്ഥിരം കൃഷിക്ക് അനുവദനീയമായ സബ്സിഡി 30,000 രൂപയുമാണ് (ഒരു ഹെക്ടറിന് വിത്ത് ,വളം ,കൂലിച്ചെലവ് ഉൾപ്പെടെ നൽകാവുന്ന പരമാവധി സബ്സിഡി).എന്നാൽ മേൽ പദ്ധതിയിൽ 5 ഹെക്ടറിലെ കൃഷിക്ക് വാഴതൈകൾക്ക് മാത്രമായി 200000 രൂപ (ഒരു ഹെക്ടറിന് 40000 രൂപ വീതം)ചെലവഴിച്ചിട്ടുണ്ട്, കൂടാതെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം 44 ഗുണഭോക്താക്കളാണുള്ളത്.എന്നാൽ വിതരണം ചെയ്തിട്ടുള്ളത് 105 വ്യക്തികൾക്കാണ്. കൃഷി ഭൂമിയുടെ രേഖകളോ തരിശ് ഭൂമിയാണെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തരിശ് ഭൂമിയിലെ 5 ഹെക്ടറിന് വിത്ത്, വളം കൂലിച്ചെലവ് എന്നിവയുൾപ്പെടെ നല്കാവുന്ന പരമാവധി ധനസഹായമായ 175000 രൂപയിലും (5*35000) അധികമായി വാഴവിത്തിന് മാത്രം നല്കിയ 25,000/ രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലും അധികമായി വ്യക്തികൾക്ക് നല്കിയതിനാലും മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും നിരാകരിച്ച തുക ഒഴികെയുള്ള 1,75,000/-രൂപ തടസ്സപ്പെടുത്തുന്നു. എൻക്വയറിക്ക് മറുപടിയായി താൽപ്പര്യമുള്ള കർഷകർക്ക് വാഴവിത്ത് വിതരണം ചെയ്യാൻ ഭരണസമിതിയുടെ നിർദ്ദേശം ഉണ്ടായിരുന്നു എന്ന് മറുപടി ഹാജരാക്കിയെങ്കിലും, കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല. കൂടാതെ തരിശ് ഭൂമിയിലെ കൃഷിക്ക് നൽകേണ്ട ആനുകൂല്യം താൽപര്യമുള്ള കർഷകർക്ക് നല്കണമെന്ന മറുപടി അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക സർക്കാരിലേക്ക് ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതും മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

എൻക്വയറി നം. 7/13-2-23

നിരാകരിക്കുന്ന തുക – 25000/-

തടസ്സപ്പെടുത്തുന്ന തുക - 175000/-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻ്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 9.02.2023 മുതൽ 10.02.23 വരെ | കെ.എസ്.എ.കെ.എൽ.എം.പി.5/415/23 തീയതി – 04.04.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 680000 | ലൈഫ് വീട് മൂന്നാംഘട്ടം(ജനറൽ) | 680000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 460000 | ലൈഫ് വീട് മൂന്നാംഘട്ടം എസ് സി | 460000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 157250 | സമഗ്ര നെൽകൃഷി വികസനം | 157250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | അനുപൂരക പോഷകാഹാരം ജനറൽ | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | അനുപൂരക പോഷകാഹാരം എസ് സി പി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 220000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് | 220000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 341997 | അംഗൻ വാടി നമ്പർ -30 നിർമ്മാണം വാർഡ് -12 | 341997 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 361887 | അംഗൻ വാടി നമ്പർ 7 നിർമ്മാണം വാർഡ് -7 | 361887 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് ഭൂമി വാങ്ങൽ മൂന്നാംഘട്ടം ജനറൽ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 250000 | അനുപൂരക പോഷകാഹാരം ജനറൽ | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 77781 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് | 77781 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | സി.എഫ്.സി.ബിൽ നമ്പർ 19/22.03.22 | 210178 | 0 | 210178 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1620000/- രൂപ വരവുണ്ട്. മുൻബാക്കി 0 രൂപയടക്കം 1620000/- രൂപയിൽ 1620000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC LOAN | സ ഉ (സാധാ) 2278/തസ്വഭവ Dtd 18/8/18 | 1620000/- രൂപ | 13440000/- രൂപ | 1452000/- രൂപ | - | 13108000/- രൂപ |

## 4-6 സ്ഥിര നിക്ഷേപം

5-4-22 ൽ യൂണിയൻ ബാങ്കിൽ 400000 രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദ വിവരം തുടർ റിപ്പോർട്ടിൽ

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-2007 | 3-3 | 2007-2008 | 3-8-1 | അക്ഷയ പദ്ധതി പരാജയം | ഗവ: നിർദശം ഉണ്ടാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ അക്ഷയ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 2-1 | 2,82,600 | | ശ്രീ. സ്റ്റീഫൻ എം, സെക്രട്ടറി |
| 3-1 | | 16,513 | ശ്രീ. ബിജു പി. എസ്, അസ്സി. എഞ്ചിനീയർ |
| 3-2 | | 4,200 | ഡോ. വീണാ രാജ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-3 | | 25,000 | ശ്രീമതി ഷമ്ന ആർ. കൃഷി ഓഫീസർ |
| | ആകെ | 45,713 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4,78,805/- | ശ്രീ. അൻവർ റഹമാൻ, അസ്സി. സെക്രട്ടറി |
| 1-19 | 1,05,000/- | ഡോ. വീണരാജ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-20 | 20,188/- | ഡോ. ബിന്ദു വി, മെഡിക്കൽ ഓഫീസർ (ആയൂർവേദം) |
| 1-21 | 1,82,151/- | ഡോ. സൌമ്യ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-23 | 2,15,442/- | ഡോ. ജിനി ആനന്ദ്, വെറ്ററിനറി സർജൻ |
| 1-26 | 4,29,795/- | ഡോ. വീണരാജ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-27 | 1,25,323 | ശ്രീ. സ്റ്റീഫൻ എം, സെക്രട്ടറി |
| 1-28 | 15,55,443 | ശ്രീ. സ്റ്റീഫൻ എം, സെക്രട്ടറി |
| 1-29 | 1,75,000 | ശ്രീമതി ഷമ്ന ആർ, കൃഷി ഓഫീസർ |
| 1-30 | 3,29,736 | ശ്രീമതി ഷമ്ന ആർ, കൃഷി ഓഫീസർ |
| ആകെ തുക | 36,16,883/- | |

(ബി)കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അൻവർ റഹമാൻ, അസി. സെക്രട്ടറി | ആദിച്ചനല്ലൂർ പഞ്ചായത്ത് | അറക്കൽ, മാടമ്പിൽ, വണ്ടാനം, ആലപ്പുഴ |
| ശ്രീ. സ്റ്റീഫൻ എം. സെക്രട്ടറി | സെക്രട്ടറി ആദിച്ചനല്ലൂർ | എ.എ. കോട്ടേജ്, കുംബളം പി.ഒ. പേരയം |
| ഡോ. സൌമ്യ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | എം.സി.മന്ദിരം, മുണ്ടയ്ക്കൽ, കൊല്ലം |
| ഡോ. വീണാ രാജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പി.എച്ച്.സി, ആദിച്ചനല്ലൂർ | തൊടിയിൽ വീട്, നടുവിലക്കര, ഉമയനല്ലൂർ പി.ഒ |

| | | |
|---|---|---|
| ഡോ. ജിനി ആനന്ദ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ ആദിച്ചനല്ലൂർ | പുലരി, മയ്യനാട് പി .ഒ |
| ശ്രീമതി ഷമ്ന ആർ. കൃഷി ഓഫീസർ | കൃഷി ഓഫീസർ, പനയം ഗ്രാമപഞ്ചായത്ത് | റഷീദ് മൻസിൽ, കിളികൊല്ലൂർ പി.ഒ |
| ഡോ. ബിന്ദു വി., മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡി.എം.ഒ. കൊല്ലം | ശ്രീനിവാസ്, സി.എസ്.നഗർ, വാടി, കൊല്ലം |
| ശ്രീ. ബിജു പി. എസ്, അസി. എഞ്ചിനീയർ | എൽ.എസ്.ജി.ഡി. വിജിലൻസ് വിങ് തിരുവനന്തപുരം | ബിജു നിവാസ്, വഞ്ചിയൂർ തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ എസ് എ-കെ എൽ എം/പി5/414(5)/18, തീ. 26.2.18 | 6 7 |
| 2002-03 | കെ എസ് എ-കെ എൽ എം/പി5/414(6)/18, തീ. 26.2.18 | 3 |
| 2005-06 | കെ എസ് എ-കെ എൽ എം/പി 5/414(8)/18, തീ. 26.2.18 | 1 |
| 2006-07 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 5 |
| 2007-08 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 4 |
| 2008-09 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 4 |
| 2009-10 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 2 |
| 2010-11 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 6 |
| 2011-12 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2011-12, തീ. 25-08-22 | 11 |
| 2012-13 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2012-13, തീ. 25-08-22 | 16 |
| 2013-14, 2014-15 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2013-14 2014-15, തീ. 25-08-22 | 20 |
| 2015-16 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2015-16, തീ. 25-08-22 | 9 |
| 2016-17 | കെ എസ് എ-കെ എൽ എം/പി 5/1244/17, തീ. 10.7.17/31.7.17 | 17 |
| 2017-18 | കെ എസ് എ-കെ എൽ എം/പി 5/1844/18, തീ. 11.03.19 | 12 |
| 2018-19 | കെ എസ് എ-കെ എൽ എം/പി 5/317/2020, തീ. 22/05/2020 | 11 |
| 2019-20 | കെ എസ് എ-കെ എൽ എം/പി 5/205 /2022 തീ 2/6/22 | 13 |
| 2020-21 | കെ എസ് എ-കെ എൽ എം/പി 5/1225 /2022 തീ 27/7/22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്